F2/202/22

G.O.(Rt)No.520/2022/F&WLD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് -ജീവനക്കാര്യം -ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സീനിയർ ക്ലാർക്ക് ശ്രീ. അനിൽ കുമാർ.എസ്.ആർ, ശ്രീ സജിത് ജോസ്.എം.ജെ എന്നിവർ യഥാക്രമം ഫയൽ ചെയ്ത OA(EKM).No. 842/2022, OA(EKM). 878/2022 കേസുകളിൻമേലുള്ള ഉത്തരവ് നടപ്പിലാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

G.O.(Rt)No.520/2022/F&WLD തീയതി,തിരുവനന്തപുരം, 22-11-2022

പരാമർശം:-

1. ശ്രീ. അനിൽ കുമാർ.എസ്.ആർ സമർപ്പിച്ച 15.06.2022 -ലെ നിവേദനം.
2. ശ്രീ സജിത് ജോസ്.എം.ജെ സമർപ്പിച്ച 15.06.2022 -ലെ നിവേദനം.
3. ശ്രീ അനിൽ കുമാർ.എസ്.ആർ ഫയൽ ചെയ്ത OA(EKM).No. 842/2022 കേസിലെ 20.06.2022 തീയതിയിലെ ഉത്തരവ്.
4. ശ്രീ സജിത് ജോസ് എം ജെ ഫയൽ ചെയ്ത OA(EKM) 878/2022 കേസിലെ 21.06.2022 തീയതിയിലെ ഉത്തരവ്.
5. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 30.07.2022 തീയതിയിലെ ഇ3-3396/22, 05.09.2022, 05/11/2022 തീയതിയിലെ ഇ3-3409/2022 നമ്പർ കത്ത്.

ഉത്തരവ്

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ വനം വകുപ്പിൽ മലയാറ്റൂർ ഡിവിഷനിൽ സീനിയർ ക്ലാർക്കായി സേവനം അനുഷ്ഠിക്കുന്ന ശ്രീ. അനിൽ കുമാർ.എസ്.ആർ, ശ്രീ സജിത് ജോസ് എം.ജെ , എന്നിവർ യഥാക്രമം ഫയൽ ചെയ്ത OA(EKM).No. 842/2022, OA(EKM) 878/2022 കേസുകളിൽ, അപേക്ഷകർ സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിച്ച്, അപേക്ഷകരെയും, ഈ ഉത്തരവ് ബാധമാകുന്ന മറ്റ് ഉദ്യോഗസ്ഥരെയും നേരിൽ കേൾക്കുവാനും, ആയതിന്റെ വെളിച്ചത്തിൽ കേസ് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുവാനും പരാമർശം (3, 4 ) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിരുന്നു.

2). നിലവിൽ മലയാറ്റൂർ ഡിവിഷനിൽ ജോലി നോക്കുന്ന ശ്രീ. അനിൽ കുമാർ.എസ്.ആർ, പത്ത് വർഷമായി പാലക്കാട് പറമ്പിക്കുളത്ത് ഒരേ സ്റ്റേഷനിൽ സേവനമനുഷ്ഠിച്ചതാണെന്നും, കഴിഞ്ഞ മൂന്ന് വർഷമായി എറണാകുളം സോഷ്യൽ ഫോറസ്ട്രി ഓഫീസിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ടിരുന്നുവെങ്കിലും, എറണാകുളത്ത് ഒഴിവില്ലായെന്ന കാരണത്താൽ നിർബന്ധിത സ്ഥലം മാറ്റമായി മലയാറ്റൂർ ഡിവിഷനിൽ നിയമിച്ചതായും, തനിക്ക് അർഹതപ്പെട്ട സ്ഥലത്തേക്ക് സ്ഥലം മാറ്റം നൽകണമെന്നും അപ്പീൽ അപേക്ഷയിൽ (Annexure A 11) ആവശ്യപ്പെട്ടിരുന്നു.

3). അഞ്ച് വർഷത്തിലധികമായി മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിൽ ജോലി നോക്കി

വരുന്നുവെന്നും, 2022 ലെ ക്ലാർക്കുമാരുടെ പൊതു സ്ഥലം മാറ്റത്തിന് എറണാകുളം നഗരത്തിലെ എല്ലാ ഫോറസ്റ്റ് ഓഫീസുകളിലേക്കും അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും, ആയതിനെ തുടർന്ന് പുറപ്പെടുവിച്ച കരട് ഉത്തരവുകൾ പ്രകാരം തന്നെ ഹൈക്കോടതിയിലെ ഫോറസ്റ്റ് ലെയ്സൺ ഓഫീസിലേക്ക് സ്ഥലം മാറ്റുന്നതായി കാണിച്ചിരുന്നു എന്നും, എന്നാൽ അന്തിമ ഉത്തരവിൽ തന്നെ ഒഴിവാക്കിയെന്നും, 11 വർഷത്തിലധികം, സേവനം പൂർത്തിയാക്കിയ താൻ ടി സ്റ്റേഷനിൽപ്പെടുന്ന ഓഫീസുകളിലൊന്നും ജോലി നോക്കിയിട്ടില്ലായെന്നും, 74 വയസ്സും വാർദ്ധക്യ സഹജമായ അസുഖങ്ങളുമുള്ള മാതാവ് വീട്ടിൽ ഒറ്റക്കായതിനാൽ അമ്മയുടെ സംരക്ഷണാർത്ഥം ദിവസവും വീട്ടിൽ എത്താതെ നിവൃത്തിയില്ലായെന്നും, ചലനശേഷി കുറവ് (Movement Disorder- Neurology); പോൺഡിലോസിസ്; വെരിക്കോസ് വെയിൻ മുതലായ രോഗങ്ങൾ മൂലം ചിലപ്പോൾ ബോധരഹിതനായും അല്ലാതെയും താഴെ വീഴുന്നതിനാൽ മറ്റൊരാൾ ഒപ്പമില്ലാതെ എഴുന്നേറ്റ് നടക്കാനാവില്ലായെന്നും, ദീർഘകാലമായി നടുവേദന അനുഭവിക്കുന്ന തനിക്ക് ദിവസവും 100 കിലോമീറ്ററോളമുള്ള യാത്ര താങ്ങാനാവത്തതാണെന്നും, മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ തന്റെ പൊതു സ്ഥലം മാറ്റ അപേക്ഷ പുനപരിശോധിച്ച് നീതിപൂർവ്വമായ തീരുമാനം കൈകൊള്ളുവാൻ ഉത്തരവാകണമെന്നും ശ്രീ സജിത് ജോസ് എം.ജെ അപ്പീൽ അപേക്ഷയിൽ (Annexure A 10) ആവശ്യപെട്ടിരുന്നു.

4). ബഹു. കേരള ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരെയും, കേസിൽ കക്ഷി ചേർത്തിട്ടുള്ള മറ്റ് ഉദ്യോഗസ്ഥരെയും വനം വകുപ്പ് ആസ്ഥാനത്ത് നിന്നും ഹാജരായ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ 29.09.2022 -ൽ ജോയിന്റ് സെക്രട്ടറി നേരിൽ കേട്ടു. അപ്പീൽ അപേക്ഷയിൽ പറഞ്ഞിരുന്ന കാര്യങ്ങൾതന്നെ ഹിയറിംഗ് വേളയിലും പരാതിക്കാർ ഉന്നയിച്ചു. ശ്രീമതി ജെസ്സി ജോസഫ്, ശ്രീമതി മായ പി എസ്, ശ്രീമതി ബിന്ദു കെ എസ്, ശ്രീമതി.ബീന എ ഒ എന്നിവർ ഹിയറിംഗിൽ പങ്കെടുത്തു. മേൽ ജീവനക്കാർ ആരോഗ്യ പരമായ കരണങ്ങൾക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയുണ്ടായി.

5). 23.07.2021 മുതൽ മലയാറ്റൂർ ഡിവിഷനിൽ ജോലി ചെയ്തുവരുന്ന സീനിയർ ക്ലാർക്ക് ശ്രീ. അനിൽ കുമാർ എസ്.ആർ. നിലവിൽ ടി ഓഫീസിൽ മൂന്ന് വർഷം പൂർത്തിയാക്കിയിട്ടില്ലാത്തതിനാലാണ് ടിയാന്റെ അപേക്ഷ പൊതു സ്ഥലം മാറ്റത്തിൽ പരിഗണിക്കാതിരുന്നത് എന്നും, സർക്കിളിന് കീഴിലെ മലയാറ്റൂർ ഡിവിഷനിലും മറ്റു ഓഫീസുകളിലുമായി മൂന്ന് വർഷത്തിലധികമായി ഒരേ ഓഫീസുകളിൽ ജോലി നോക്കുന്ന ജീവനക്കാർക്കാണ് സ്ഥലം മാറ്റങ്ങളിൽ മുൻഗണന നൽകിയിട്ടുള്ളതെന്നും, ശ്രീ. അനിൽ കുമാർ എസ്.ആർ. പാലക്കാട് ജില്ലാ പി.എസ്.സി. ഓഫീസറുടെ നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ വനം വകുപ്പിൽ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചയാളാണ് എന്നും, അതിനാൽ ടി ജില്ലയിൽ അഞ്ചു വർഷം പൂർത്തിയാകുന്ന മുറയ്ക്കോ അല്ലാത്ത പക്ഷം ടിയാന് സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിക്കുന്ന മുറയ്ക്കോ മാത്രമേ മറ്റ് ജില്ലയിലേക്ക് സ്ഥലംമാറ്റത്തിന് അർഹത ഉണ്ടാകൂ എന്നതിനാൽ പത്ത് വർഷത്തിലധികം പറമ്പിക്കുളം ടൈഗർ റിസർവിൽ ജോലിനോക്കിയിട്ടുണ്ട് എന്നത് സെൻട്രൽ സർക്കിളിലെ സ്ഥലം മാറ്റത്തിന് പരിഗണിക്കാൻ സാധിക്കില്ലായെന്നും, അത്തരത്തിൽ ഒരു പരിഗണന നൽകുന്നത് സെൻട്രൽ സർക്കിളിലെ സീനിയറായിട്ടുള്ള ജീവനക്കാർക്കിടയിൽ പരാതികൾക്ക് ഇടയാക്കുവാനും സാധ്യതയുണ്ടെന്നും, ശ്രീ. അനിൽ കുമാർ.എസ്.ആർ, ശ്രീ സജിത് ജോസ് എം ജെ എന്നിവർക്ക് സൗകര്യപ്രദമായ സ്ഥലത്ത് ട്രാൻസ്ഫർ നൽകുന്നതിനുള്ള ഒഴിവുകൾ ഒന്നും തന്നെ ഇല്ലായെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

6). സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. നിലവിൽ മലയാറ്റൂർ ഡിവിഷനിൽ ക്ലാർക്കായി ജോലി നോക്കുന്ന ശ്രീ അനിൽകുമാർ പത്ത് വർഷമായി പാലക്കാട് പറമ്പിക്കുളത്ത് ഒരേ സ്റ്റേഷനിൽ സേവനമനുഷ്ഠിച്ച് വന്നിട്ടുള്ളതാണ്. എന്നാൽ ടിയാൻ പാലക്കാട് ജില്ലയിൽ ആണ് പി എസ് സി പരീക്ഷ എഴുതിയിട്ടുള്ളത്. മേൽ ജില്ലയിൽ ടി കാലയളവിൽ പറമ്പികുളത്തു നിശ്ചിത സേവനം കഴിഞ്ഞപ്പോൾ മേൽ ജില്ലയിലെ മറ്റു ഓഫീസുകളിൽ നിയമനത്തിന് അർഹതയുണ്ടായിരുന്നു. ആയതിനു ടിയാൻ അപേക്ഷ നൽകിയിട്ടും ലഭിക്കാതിരുന്നതാണോ എന്ന് വ്യകതമല്ല. സീനിയർ ക്ലാർക്ക് ആയി പ്രൊമോഷൻ ലഭിക്കുമ്പോൾ മാത്രമാണ് മറ്റു ജില്ലകൾ ഓപ്റ്റ് ചെയ്യാൻ പറ്റുന്നത്. സെൻട്രൽ സർക്കിളിൽ സ്ഥലം മാറ്റം ലഭിച്ച ശ്രീ അനിൽ കുമാർ.എസ്.ആർ ന്റെ മേൽ സർക്കിളിലെ സേവന കാലം കണക്കാക്കി ജനറൽ ട്രാൻസ്ഫറിൽ നിന്ന് ഒഴിവാക്കിയ നടപടി സ്ഥലമാറ്റത്തിനുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ് എന്ന് കാണുന്നില്ല.

7). തൃശ്ശൂർ സെൻട്രൽ സർക്കിളിന്റെ 2022 ലെ പൊതു സ്ഥലം മാറ്റ ഉത്തരവിൽ സ്ഥലമാറ്റങ്ങൾ അപേക്ഷയുടെ അടിസ്ഥാനത്തിലും, മറ്റു സ്ഥല മാറ്റങ്ങൾ ഭരണപരമായ കാരണങ്ങൾ ചൂണ്ടികാട്ടിയുമാണ് നടത്തിയിട്ടുള്ളത് . ടി ഉത്തരവിൽ സ്ഥലം മാറ്റം ലഭിച്ച ശ്രീ രാജേഷ് എൻ എൻ നേക്കാൾ സ്റ്റേഷൻ സീനിയോറിറ്റി ശ്രീ സജിത് ജോസ് എം ജെ യ്ക്ക് ഉള്ളതായി കാണുന്നു. ശ്രീ രാജേഷ് എൻ എൻ 18.09.2017 ലാണ് ഈസ്റ്റേൺ സർക്കിളിൽ നിന്ന് സെൻട്രൽ സർക്കിളിൽ നിയമനം ലഭിച്ച മലയാറ്റൂർ ഡിവിഷനിൽ ജോലി ചെയ്തു വന്നിരുന്നത്. എന്നാൽ ശ്രീ സജിത് ജോസ് എം ജെ 5.9.2016 മുതൽ മലയാറ്റൂർ ഡിവിഷനിൽ ജോലി ചെയ്തു വരുന്നുണ്ട്.

8). സ്ഥലമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച കൊണ്ടുള്ള 25/02/2017 ലെ സ.ഉ(പി) നം. 3/2017/ഉഭപവ സർക്കാർ ഉത്തരവ് പ്രകാരം 15 കിലോമീറ്റർ പരിധിയിൽ വരുന്ന ഓഫീസുകളെ ഒരു സ്റ്റേഷൻ ആയി കണക്കാക്കേണ്ടതാണ്. നിലവിൽ എ.സി.എഫ് എസ് എഫ് എക്സ്റ്റെൻഷൻ എറണാകുളം ഓഫീസിൽ 8.7.2021 മുതൽ ജോലി നോക്കുന്ന ശ്രീമതി ഹസീന നിലവിലെ സ്റ്റേഷനിൽ 6 വർഷത്തിൽ കൂടുതൽ സേവനം ആയിട്ടുള്ളതാണ് . സി എഫ് ഓഫീസ് സോഷ്യൽ ഫോറസ്ലറി എറണാകുളം ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ സനിൽ കുമാർ കെ കെ നിലവിൽ ടി ഓഫീസിൽ വർഷം 3 വർഷ സേവനം പൂർത്തീകരിച്ചിട്ടുണ്ട് . 23.09.2017 ൽ സെൻട്രൽ സർക്കിളിൽ നിയമിതനായ ശ്രീ സനിൽ കുമാർ കെ കെ എൻ എസ് സി കാലടി ഓഫീസിൽ മിനിമം കാലാവധി തീരുന്നതിനു മുൻപ് തന്നെ എറണാകുളത്തേയ്ക്ക് നിയമനം ലഭിച്ചതായി കാണുന്നു.

9). മേൽ സാഹചര്യത്തിൽ ചുവടെ ചേർത്തിരിക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

i). ശ്രീമതി ജെസ്സി ജോസഫ്, ശ്രീമതി മായ പി എസ്, ശ്രീമതി ബിന്ദു കെ എസ്, ശ്രീമിത.ബീന എ ഒ എന്നീ ജീവനക്കാരെ നിലവിലെ ആരോഗ്യപരമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലെ ജനറൽ ട്രാൻസ്ഫെറിൽ നിന്ന് ഒഴിവാക്കിയ നടപടി അംഗീകരിക്കുന്നു. എന്നാൽ അടുത്ത ജനറൽ ട്രാൻസ്ഫെറിൽ ആരോഗ്യ കാരണങ്ങൾ പരിശോധിച്ച സ്ഥല മാറ്റ മാനദണ്ഡങ്ങൾ പ്രകാരമുള്ള അർഹതയുണ്ടോ എന്ന് പരിശോധിച്ച തീരുമാനം എടുക്കേണ്ടതാണ്.

ii). നിലവിൽ സ്ഥലം മാറ്റം നൽകണമെന്ന ശ്രീ അനിൽ കുമാർ.എസ്.ആർ ന്റെ അപേക്ഷയിലെ ആവശ്യം, ഖണ്ഡിക 6 ൽ വ്യകതമാക്കിയിട്ടുള്ള കാരണത്താൽ, നിരസിച്ച കൊണ്ട് ഉത്തരവാകുന്നു. എന്നാൽ മലയോര വിദൂര മേഖലയിൽ തുടർച്ചയായി സേവനം

അനുഷ്ഠിച്ച വരുന്ന സാഹചര്യം പരിഗണിച്ച്, ശ്രീ അനിൽ കുമാർ.എസ്.ആർ ന്റ അടുത്ത ജനറൽ ട്രാൻസ്ഫറിൽ സൗകര്യ പ്രദമായ സ്ഥലത്തു ട്രാൻസ്ഫർ നൽകുന്ന കാര്യത്തിൽ ഉചിതമായ തീരുമാനം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സെൻട്രൽ സർക്കിൾ സ്വീകരിക്കേണ്ടതാണ്.

iii). നിലവിൽ ഒരു സ്റ്റേഷനിൽ 3 വർഷം പൂർത്തീകരിച്ചിട്ടുള്ള ജീവനക്കാരെയും, ജനറൽ ട്രാൻസ്ഫർ ഉത്തരവിൽ അപേക്ഷകനേക്കാൾ മലയാറ്റൂർ ഡിവിഷനിൽ നിന്നും സ്ഥലമാറ്റം ലഭിച്ച സ്റ്റേഷൻ സീനിയോറിറ്റി കുറവുള്ള ജീവനക്കാരെയും നേരിൽ കേട്ടതിനു ശേഷം, ശ്രീ സജിത് ജോസ് എം ജെ യ്ക്ക് സൗകര്യപ്രദമായ സ്ഥലത്തു സ്ഥലമാറ്റം അടിയന്തരമായി അനുവദിച്ച ഉത്തരവ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സെൻട്രൽ സർക്കിൾ പുറപ്പെടുവിക്കേണ്ടതാണ്.

10). ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (3,4 ) പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJESH G R

JOINT SECRETARY

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം).

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സെൻട്രൽ സർക്കിൾ, വനപ്രിയ ഫോറസ്റ്റ് കോംപ്ലക്സ്, പറവട്ടാനി, തൃശ്ശൂർ.

ശ്രീ. സജിത് ജോസ് എം ജെ, സീനിയർ ക്ലാർക്ക്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, മലയാറ്റൂർ.

ശ്രീ. അനിൽ കുമാർ എസ്. ആർ, സീനിയർ ക്ലാർക്ക്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, മലയാറ്റൂർ.

അഡ്വക്കേറ്റ് ജനറൽ കേരള, എറണാകുളം ( ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Noushad S**

**Date: 22-11-2022 12:23:35**

സെക്ഷൻ ഓഫീസർ.